കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# രാമങ്കരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി10-667/2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി: 08.06.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

രാമങ്കരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- രാമങ്കരി ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി10-667/2017 തീയതി: 08.06.2017

# ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 10.01.2017 മുതൽ 21.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സി.വൈ.സലിം,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും, തസ്തിക വിവരവും |
|---|---|
| 22-05-2017മുതൽ<br>31-05-2017 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.വി.കെ.പുഷ്പരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. മഞ്ജു.ഡി. | 01.04.2016മുതൽ 31.03.2017വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1<br>2. | ശ്രീ. സന്തോഷ് മാത്യൂ<br>ശ്രീ.എസ്സ്. അനിൽ കുമാർ | 01.04.2016മുതൽ 04-01-2017 വരെ<br>04-01-2017മുതൽ 31-03-2017വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ടി.നളിനി. | 01-04-2016മുതൽ 31-03-2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ബിന്നിമോൾ | 01-04-2016മുതൽ 31-03-2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.അന്നമ്മ | 01-04-2016മുതൽ 31-03-2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ.വിഷ്ണു വിജയൻ | 01-04-2016മുതൽ 31-03-2017 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.നിസാം.എ.എച്ച്. | 01-04-2016മുതൽ 31-03-2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ജോസ് മാത്യു. | 01-04-2016മുതൽ 31-03-2017വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഷീല ദേവസ്യ | 01-04-2016മുതൽ 31-03-2017 വരെ |
| 5 | വി.ഇ.ഒ | ശ്രീ.സുമേഷ് | 01-04-2016മുതൽ 31-03-2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1. ഡോ. ഓസ്വിൻ ക്ലമൻറ്<br>2. ഡോ. പൂർണ്ണിമ | 01.04.2016മുതൽ 19.06.2016 വരെ<br>20.06.2016മുതൽ 31.03.2017വരെ |
| 7 | മെഡിക്കൽ ഓഫീസർ | ഡോ. വിനീത.പി.എം | 01-04-2016മുതൽ 31-03-2017 വരെ |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| 8 | എച്ച്.എം. യു.പി.എസ് | ആരിഫാബീവി. എ.<br>മേരിമ്മ ജോർജ്ജ് | 01.04.2016മുതൽ 08.12.2016 വരെ<br>09.12.2016മുതൽ 31.03.2017വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | എം.പി. ഹരികൃഷ്ണൻ<br>അനീഷാബീഗം<br>ജെസ്സി വർഗ്ഗീസ്. | 01.04.2016മുതൽ 16-08-2016വരെ<br>25-08-2016മുതൽ 28-12-2016 വരെ<br>03-01-2017മുതൽ 31-03-2017 വരെ |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | ആഷാ രാജ്. ആർ | 01-04-2016മുതൽ 31-03-2017 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്റ്റർ | ജ്യൂലാദേവി.പി<br>ഗീത. എസ്സ് | 01-04-2016മുതൽ 12-10-2016 വരെ<br>13-10-2016മുതൽ 31-03-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-11 |
| | ഭാഗം 2 | |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി – ഈടാക്കുന്നില്ല | 2-1 |
| | ഭാഗം 3 | |
| 3 | എസ്.സി. വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി – സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-1 |

| | | |
|---|---|---|
| 4 | അംഗൻവാടി പോഷകാഹാര പദ്ധതി പിൻവലിച്ച തുക പൂർണ്ണമായും ചെലവഴിച്ചില്ല | 3-2 |
| 5 | പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് – കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയതു മൂലം അധിക ചെലവ് | 3-3 |
| 6 | മരാമത്ത് പ്രവൃത്തികൾ – പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ – പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടെ 13.59% മാത്രം ചെലവ് | 3-4 |
| 7 | സമഗ്ര നെൽകൃഷി വികസനം – വിതരണ രേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 8 | അംഗൻവാടി പോഷകാഹാരം – ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളില്ല | 3-6 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് ചെക്ക് മുഖാന്തിരം നൽകിയ തുക – ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 |
| 10 | അംഗൻവാടികൾക്ക് വെയിംഗ് മെഷീൻ വാങ്ങൽ – വിതരണ രേഖകളില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-8 |
| 11 | സാമൂഹ്യ സുരക്ഷാമിഷന് സംഭാവന – ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-9 |
| 12 | മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പദ്ധതികൾ – രേഖകൾ ലഭ്യമാക്കിയില്ല | 3-10 |
| 13 | ഹെഡ്മിസ്ട്രസ് – നിർവ്വഹണം ചെയ്ത പദ്ധതികൾ രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-11 |
| 14 | വീട് പുനരുദ്ധാരണം – പട്ടികജാതി വിഭാഗം | 3-12 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് – കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-13 |
| 16 | ഗവ. ഹോമിയോ ഡിസ്പെൻസറിയിലെ വൈമാക്സ് സംവിധാനം | 3-14 |
| 17 | കന്നുകുട്ടി പരിപാലനം (ജനറൽ) | 3-15 |
| 18 | ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം സംഭാവന | 3-16 |
| 19 | വി.ഇ.ഒ. നിർവ്വഹണം ചെയ്ത പദ്ധതികൾ – രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 3-17 |
| 20 | നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും യഥാസമയം ചെലവഴിക്കപ്പെടാത്തതുമായ തുക തിരിച്ചടച്ചില്ല | 3-18 |
| | ഭാഗം 4 | |
| 21 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1to4-10 |

# ഭാഗം 1

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.16 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 51496800 | 53072800 |
| വാർഷിക കണക്ക് പ്രകാരം | 27850225 | 27275425 |

2016-17 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 23646575/-രൂപയുടേയും ചെലവിൽ 25797375/-രൂപയുടേയും വ്യത്യാസം കാണുന്നു.

ദീർഘ വീക്ഷണത്തോടുകൂടി ബജറ്റ് തയ്യാറാക്കാത്തതിന്റെ പ്രതിഫലനമാണിത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 12.05.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4914438 |
| വരവ് | 27850225 |
| ആകെ | 32764663 |
| ചെലവ് | 27275425 |
| നീക്കിയിരിപ്പ് | 5489238 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 6712339 | 6559043 | 97.71% |
| വികസന ഫണ്ട് എസ് സി പി | 3532503 | 3206829 | 90.78% |
| വികസന ഫണ്ട് ടിഎസ് പി | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2951181 | 292173 | 9.9% |